"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി-2024-25 സാമ്പത്തിക വർഷത്തെ കുടിശ്ശിക തുക, 2025-26 സാമ്പത്തിക വർഷം പദ്ധതി നടപ്പാക്കുന്നതിനായി അനുവദിച്ച തുകയിൽ നിന്നും കണ്ടെത്തുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.43/2026/WCDD തീയതി,തിരുവനന്തപുരം, 28-01-2026

---

പരാമർശം:-
1. സ.ഉ(സാധാ)നം. 718/2014/ സാനീവ , തീയതി 04/12/2014
2. സ.ഉ(സാധാ) നം. 218/2025/വശിവിവ , തീയതി 27/05/2025
3. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 24/10/2025, 01/01/2026 തീയതികളിലെ DWCD/2007/2024-ICDSA5 നമ്പർ കത്ത്.

**ഉത്തരവ്**

അട്ടപ്പാടിയിലുണ്ടായ നവജാത ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ പോഷകാഹാര ലഭ്യത ഉറപ്പാക്കുക എന്ന ഉദ്ദേശ്യത്തോടെ 2013-14 കാലയളവിൽ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയുടെ നടത്തിപ്പ് ചുമതല കുടുംബശ്രീയ്ക്കാണ്. ടി പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് വനിതശിശുവികസന വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും 60:40 എന്ന അനുപാതത്തിലാണ് കുടുംബശ്രീയ്ക്ക് നൽകി വരുന്നത്.

(2) അട്ടപ്പാടിയിൽ നടപ്പിലാക്കി വരുന്ന കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയ്ക്കായി 2025-26 സാമ്പത്തിക വർഷത്തെ ചെലവിനത്തിലുള്ള തുക 4 കോടി രൂപ പരാമർശം (2) പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തെ Reconciliation റിപ്പോർട്ട് കുടുംബശ്രീ ലഭ്യമാക്കിയതിൻ പ്രകാരം കുടുംബശ്രീയ്ക്ക് വകുപ്പു വിഹിതമായി ₹1,48,32,162 /- രൂപ അനുവദിക്കേണ്ടതുണ്ട് . ആയതിൻ പ്രകാരം 2024-25 സാമ്പത്തിക വർഷത്തെ ചെലവിനത്തിലുള്ള തുക 1,48,32,162 /- രൂപ വകുപ്പു വിഹിതമായി കുടുംബശ്രീക്ക് അനുവദിക്കുന്നതിനും, പ്രസ്തുത തുക നടപ്പു സാമ്പത്തിക വർഷത്തെ "അങ്കണവാടി കേന്ദ്രങ്ങളെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സാമൂഹിക വിഭവ കേന്ദ്രങ്ങളാക്കി വികസിപ്പിക്കൽ-ഒരു ജീവിതചക്ര സമീപനം" ശീർഷകമായ 2235-02-102-56(പി) ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനുമുള്ള അനുമതി ലഭ്യമാക്കണമെന്നും പരാമർശം (3) പ്രകാരം വനിത ശിശു വികസന ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട് .

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തികവർഷത്തെ കുടിശ്ശിക ഇനത്തിൽ കുടുംബശ്രീയ്ക്ക് അനുവദിക്കാനുള്ള 1,48,32,162/- രൂപ (ഒരു കോടി

നാല്പത്തിയെട്ട് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി നൂറ്റിഅറുപത്തിരണ്ടു രൂപ മാത്രം) , 2025-26 സാമ്പത്തിക വർഷം പദ്ധതി നടപ്പാക്കുന്നതിനായി പരാമർശം (2) ഉത്തരവ് പ്രകാരം അനുവദിച്ച തുകയിൽ നിന്നും കണ്ടെത്തുന്നതിനുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Renji George
സെക്ഷൻ ഓഫീസർ
Date: 28-01-2026 15:47:24